Lalith Babu

# ഒന്നാം അപ്പീൽ തീർപ്പ് - ഉത്തരവിന്റെ മാതൃക

**താൽക്കാലിക നിയമനവുമായി ബന്ധപ്പെട്ട നടത്തിയ ഇന്റർവ്യൂയിൽ ഉദ്യോഗാർഥികൾക്ക് ലഭിച്ച മാർക്കിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടത് സംബന്ധിച്ച ഉത്തരവ്**

**ഒന്നാം അപ്പീൽ അധികാരിയുടെ നടപടിക്രമം**

(ഹാജർ: ഒന്നാം അപ്പീൽ അധികാരിയുടെ പേര്)

---

നമ്പർ: തീയതി:

---

സൂചന: 1. ശ്രീ. എന്ന വ്യക്തിയുടെ..........തീയതിയിലെ അപേക്ഷ

2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ...........തീയതിയിലെ മറുപടി

3...............തീയതി ഈ അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ

4. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ........തീയതിയിലെ റിപ്പോർട്ട്

**ഉത്തരവ്**

ശ്രീ...............................എന്ന വ്യക്തി മേൽ ഒന്നാം സൂചനപ്രകാരം ..................യിലെ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ വിവരാവകാശ നിയമപ്രകാരം ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായി. താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട തയ്യാറാക്കിയ സെലക്ഷൻ ലിസ്റ്റിൽ ഉദ്യോഗാർഥികൾക്ക് ലഭിച്ച മാർക്കിന്റെ വിവരങ്ങളാണ് അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നത്. ഈ വിവരം സ്വകാര്യ വിവരമായി കണക്കാക്കി അത് വെളിപ്പെടുത്തുന്നത് വ്യക്തികളുടെ സ്വകാര്യതയിലേയ്ക്കുള്ള അനാവശ്യമായ കടന്നുകയറ്റമാകുമെന്ന് കണക്കാക്കി ആ വിവരങ്ങൾ വിവരാവകാശ നിയമത്തിലെ വകുപ്പ് 8(1)(ജെ) യ്ക്ക് വിധേയമായി നൽകാനാവില്ല എന്ന് മേൽ രണ്ടാം സൂചന പ്രകാരം മറുപടി നൽകിക്കൊണ്ട് സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷ തീർപ്പാക്കി.

ടി മറുപടിയിൽ തൃപ്തനാകാതെ അപേക്ഷകൻ മേൽ മൂന്നാം സൂചനപ്രകാരം ഈ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു. തുടർന്ന് അപേക്ഷ തീർപ്പാക്കിയതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്ക് ഈ അപ്പീൽ അധികാരി നിർദേശം നൽകുകയും അതനുസരിച്ച് മേൽ നാലാം സൂചന പ്രകാരം സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ വിശദീകരണം സമർപ്പിക്കുകയുമുണ്ടായി..

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ വിശദീകരണം വിശദമായി പരിശോധിയ്ക്കുകയും കൂടാതെ അപേക്ഷകനെ നേരിട്ട് കേട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ അധികാരി താഴെ പറയുന്ന തീരുമാനത്തിൽ എത്തിയിരിക്കുന്നു.

ഒരു പൊതു സ്ഥാപനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടത്തിയ ഇന്റർവ്യൂയിൽ ഓരോ ഉദ്യോഗാർഥിക്കും ലഭിച്ച മാർക്കിന്റെ വിവരങ്ങളാണ് അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നത്. ഈ വിവരങ്ങൾ വിവരാവകാശ നിയമത്തിലെ വകുപ്പ് 8(1)(ജെ) യ്ക്ക് വിധേയമായി നിഷേധിച്ചത് നിയമാനുസൃതമായ നടപടിയല്ല എന്ന് ഒന്നാം അപ്പീൽ അധികാരി നിരീക്ഷിക്കുന്നു. ഇത്തരം വിവരങ്ങൾ ജനങ്ങൾക്ക് അറിയാൻ അവകാശമുണ്ട്. ആയതിനാൽ ഈ കേസിൽ വിവരം നിഷേധിച്ച സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ തീരുമാനം ന്യായീകരിക്കത്തക്കതല്ല എന്ന നിരീക്ഷണത്തിൽ ഈ അപ്പീൽ അധികാരി എത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ അപേക്ഷകൻ ആവശ്യപ്പെട്ട വിവരം ഈ ഉത്തരവ് ലഭിച്ച് ഏഴ് ദിവസത്തിനകം അപേക്ഷകന് സൌജന്യമായി നൽകണമെന്ന് അപ്പീൽ അധികാരി ഉത്തരവാകുന്നു.

മേൽ തീർപ്പിൽ അതൃപ്തിയുള്ള പക്ഷം തീരുമാനത്തിനെതിരെ അപേക്ഷകന് 90 ദിവസത്തിനകം രണ്ടാം അപ്പീൽ കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

പേര് /ഒപ്പ് /PEN

ഒന്നാം അപ്പീൽ അധികാരി

പകർപ്പ് : 1. അപേക്ഷകന്

2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്ക്

3. സ്റ്റോക്ക് ഫയലിലേക്ക്